## പതിമൂന്നാം കേരളനിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 393** **19.03.2013 ൽ മറുപടിയ്ക്ക്**

## ഗാർഹിക ഊർജ്ജ ആവശ്യങ്ങൾക്ക് സൗരോർജ്ജം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഇ.പി. ജയരാജൻ | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) ഗാർഹികാവശ്യങ്ങൾക്ക് സൗരോർജ്ജം ഉപയോഗിക്കുന്നതിന് പ്രചരണം നൽകുന്നതിനും ഇതിനാവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനും സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) | ഗാർഹിക ആവശ്യങ്ങൾക്കായി സൗരോർജ്ജം ഉപയോഗിക്കുന്നതിനും പ്രചരണം നൽകുന്നതിനും സാങ്കേതിക സഹായം നൽകുന്നതിനുമായി അനെർട്ടിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. |
| (ബി) ഗാർഹികാവശ്യങ്ങൾക്കുള്ള മുഴുവൻ വൈദ്യുതിയും സൗരോർജ്ജം മുഖേന ഉപയോഗിക്കുവാൻ താല്പര്യമുള്ളവർക്ക് അതു ലഭ്യമാക്കുവാനും അതിനാവശ്യമായ തുക വായ്പയായും സബ്സിഡിയായും ലഭ്യമാക്കുവാനും എന്തെങ്കിലും പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; | (ബി) | ഗാർഹിക ആവശ്യങ്ങൾക്ക് 1 kW വരെയുള്ള പദ്ധതികളാണ് അനെർട്ട് വഴി സബ്സിഡിയോടെ ഇപ്പോൾ നടപ്പിലാക്കി വരുന്നത്. വായ്പ ലഭ്യമാക്കുന്നതിന് പദ്ധതികളൊന്നും നിലവിലില്ല. |
| (സി) ഉണ്ടെങ്കിൽ ആയതു സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങളും മാനദണ്ഡങ്ങളും വ്യക്തമാക്കുമോ ? | (സി) | അനെർട്ടിന്റെ റൂഫ്ടോപ്പ് പദ്ധതിയിൽപ്പെടുത്തി 1 kW സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് ഏകദേശം 150 sq.ft. വിസ്തീർണ്ണമുള്ള സ്ഥലം ആവശ്യമാണ്. ഇത് നല്ലവണ്ണം സൂര്യപ്രകാശം ലഭിക്കുന്നിടം ആയിരിക്കണം. 1 kW പ്ലാന്റിൽ നിന്നും 3.5 - 4 യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാം. ഒരു കെട്ടിട നമ്പറിന് ഒരു പ്ലാന്റ് എന്ന നിരക്കിലാണ് അപേക്ഷ സ്വീകരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**